THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# QUESTION BANK

## അമ്മത്തൊട്ടിൽ

| | |
|---|---|
| | അർത്ഥം എഴുതുക<br>1.കണ്ണിലെ അഴക്ക്<br>2.രാജാവ്<br>3.വേദന<br>4.വശം<br>5.ദയയില്ലാതെ |
| | പര്യായം<br>6.വശം<br>7.രജനി<br>8.ശ്വാവ്<br>9.മിഴി |

| | |
|---|---|
| | പ്രയോഗം മാറ്റുക<br><br>അമ്മ കഥാകാരൻ വീട്ടിൽ എത്തപ്പെട്ടു<br><br>തെറ്റ് തിരുത്തുക<br><br>അമ്മ ചില അബദ്ധങ്ങൾ കൂടി ചെയ്തിട്ടുണ്ട് |
| | ഉത്തരമെഴുതുക |

മലയാളികളുടെ ഹൃദയത്തിൽ ചേക്കേറുന്ന ഒട്ടനവധി കവിതകൾ കൊണ്ട് അനുഗൃഹീതനായ കവിയാണ് റഫീക്ക് അഹമ്മദ്. തോരാമഴ, ശിവകാമി, ഗ്രാമവൃക്ഷത്തിലെ വവ്വാൽ തുടങ്ങിയവ അദ്ദേഹത്തിന്റെ മികച്ച കാവ്യസമാഹാരങ്ങളാണ്. അദ്ദേഹത്തിന്റെ അതിമനോഹരവും ഭാവാത്മകവുമായ ഒരു കവിതയാണ് "അമ്മത്തൊട്ടിൽ". സമകാലിക സമൂഹത്തിന്റെ മനുഷ്യത്വരഹിതമായ ചെയ്തികളോടുള്ള അതിശക്തമായി പ്രതികരണമാണീ കവിത. വാർദ്ധക്യത്തിൽ അവശരും നിരാലംബരുമായി മാറുന്ന വൃദ്ധജനങ്ങളോട് പുതുതലമുറ കാണിക്കുന്ന നന്ദികേടിനെ തുറന്നുകാണിക്കുന്നതാണ് കവിതയിലെ പ്രമേയം. പ്രായം ചെന്ന് കണ്ണും കാതും കേൾക്കാതെ മരണത്തെ കാത്തിരിക്കുന്ന സ്വന്തം അമ്മയെ ഭാര്യയുടേയും കൂടിയുള്ള സമ്മർദ്ദത്താൽ വഴിയിലെവിടെയെങ്കിലും ഉപേക്ഷിക്കാൻ തയ്യാറാകുന്ന മകനാണ്. കവിതയിലെ നായകൻ.

അയാൾ പ്രായം ചെന്ന അമ്മയെ കാറിലെ പിൻസീറ്റിൽ ഇരുത്തുന്നു. സ്വന്തമായി ഇരിക്കാൻ പോലും അവർക്ക് വയ്യ. ചെരിഞ്ഞുപോകുന്ന അവരെ അയാൾ നേരെയിരുത്താൻ ശ്രമിക്കുന്നു. അവരുടെ കൈകൾ ഉണങ്ങിയ ചുള്ളിക്കമ്പുപോലെ ശുഷ്കിച്ചിരിക്കുന്നു. അത് മാറോട് ചേർത്ത് വെച്ചിരിക്കുന്നു. കണ്ണുകളിൽ ദയനീയഭാവം. അതിൽ പീള നിറഞ്ഞിരിക്കുന്നു. തിമിരം ബാധിച്ച കണ്ണുകൾ മങ്ങി പഴകിയ പിഞ്ഞാണത്തിന്റെ നിറമായിക്കഴിഞ്ഞിരിക്കുന്നു. പാടയും പീളയും വന്ന കണ്ണുകൾ പ്രയാസത്തോടെ തുറന്ന് അടയ്ക്കുന്നു. വിജനമായ തെരുവീഥിയിൽ ആകാശംമുട്ടെ ഉയർന്ന "പെരുമാൾ' പോലെ നിൽക്കുന്ന ഒരു വലിയ മാളിന്റെ അരികിലേക്കാണ് അയാൾ അമ്മയെ ആദ്യം കൊണ്ടുപോയത്. എന്നാൽ അവിടെ ഇരുട്ടിൽ പെറ്റുകിടക്കുന്ന പട്ടി അയാളുടെ നേരെ കുരച്ചു ചാടുന്നു.

അതോടെ ആ ശ്രമം ഉപേക്ഷിച്ച മകൻ അമ്മയെ പിന്നെ കൊണ്ടുപോകുന്നത് ജില്ലാശുപതിക്കരികിലക്കാണ്. അവിടെ ഒരു "രാക്കട' മാത്രം തുറന്നുവെച്ചിരിക്കുന്നു. ഒന്നുരണ്ട് ആളുകളേ അവിടെയുള്ളൂ. പിന്നിൽ ഇരുട്ടുള്ള ഒരു സ്ഥലമുണ്ട്. അമ്മയെയെടുത്ത് അയാളങ്ങോട്ടു നീങ്ങവേ ഒരു കുറ്റബോധമെന്നോണം പണ്ട് പനിപിടിച്ചപ്പോൾ അമ്മ തന്നെയുമെടുത്ത് ഡോക്ടറെക്കാണാൻ ഓടിയത് അയാൾക്ക് ഓർമ്മവന്നു. അന്നത്തെ സൂചിപ്രയോഗത്തിന്റെ വേദനപോലെ മറ്റൊരു വേദന അനുഭവിച്ച മകന് അമ്മയെ ഉപേക്ഷിക്കാൻ തോന്നിയില്ല.

രാതിയുടെ ഏകാന്തതയിൽ ആളനക്കമില്ലാത്ത വിദ്യാലയമാണ് പിന്നീടയാൾ കണ്ടെത്തുന്നത്. പക്ഷേ വിദ്യാലയ സ്മരണകൾ അയാളെ പിൻതിരിപ്പിക്കുന്നു. അമ്മ തന്നെയും പിടിച്ച് വലിച്ച് സ്കൂളിലേക്ക് പോകുന്നതും കുതറി ഓടാൻ ശ്രമിച്ചതും, ഉച്ചയാവോളം അമ്മ മതിലിനരികിൽ കാത്തു നിൽക്കുന്നതുമെല്ലാം അയാളുടെ മനസ്സി ലേക്കോടിയെത്തി. അയാൾ ആ ശ്രമത്തിൽ നിന്നും പിൻതിരിഞ്ഞു.

പിന്നീട് കണ്ടെത്തിയത് രാത്രിയുടെ ഏകാന്തതയിൽ ഈശ്വരൻ വിശ്രമിക്കുന്ന കോവിലാണ്. നല്ലകാലത്ത് ഒരുപാട് തവണ അമ്മ ആവശ്യപ്പെട്ടതായിരുന്ന കോവിലിൽ കൊണ്ടുപോകണമെന്ന്. അന്ന് ചെയ്യാത്തത് സാക്ഷാൽക്കരിച്ചുകൊടുക്കാൻ ഇപ്പോഴാണ് അയാൾക്ക് തോന്നുന്നത്. പക്ഷെ കോവിലിൽ നിന്ന് വെളിയിലേക്ക് ഈശ്വരൻ ഇറങ്ങിവരുന്നതായി അയാൾക്ക് തോന്നി. ഒരു പക്ഷെ ഹൃദയഭേദകമായ മാതൃനിരാസം കാണാൻ ശക്തിയില്ലാതെ ദൈവം പോലും കാറ്റു കൊള്ളുവാനെന്ന രീതിയിൽ പുറത്തിറങ്ങിയതാവണമെന്ന് കവി വിഷാദിക്കുന്നു. മകൻ വിചാരിച്ചപോലെ അമ്മയെ അവിടെ ഉപേക്ഷിക്കാൻ കഴിയുന്നില്ല.

ഒരുഭാഗത്ത് അമ്മയെ ഉപേക്ഷിക്കണമെന്ന ഭാര്യയുടെ നിർദ്ദേശം. മറുഭാഗത്ത് അമ്മയോട് ചെയ്യുന്ന നന്ദികേടിന്റെ ഓർമ്മകളിൽ തെളിയുന്ന കുറ്റബോധവും. ഇത് രണ്ടും കൂടിച്ചേർന്ന മനസ്സ് അയാളെ ആ കൃത്യത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നു. അമ്മയെ പുറന്തള്ളാതെ വീട്ടിലേക്ക് ചെന്നാൽ ഭാര്യ വീണ്ടും വഴക്കുപറയുമെന്ന് അയാൾ പേടിച്ചു. പുറത്ത് തണുപ്പ് കൂടി വരികയാണ്. തണുപ്പ് തുറന്ന് കിടക്കുന്ന ചില്ലുകൾക്കിടയിലൂടെ കാറിലേക്ക് കടന്നു വന്നു. മകന്

| | |
|---|---|
| | ചെറുപ്പകാലത്തെ അമ്മയുടെ മടിയിൽ കമ്പിളി പുതപ്പിനുള്ളിൽ അഭയം തേടുന്നത് ഓർമ്മ വന്നു. അമ്മയുടെ അടിവയറിലെ ചൂട്, തലമുടിയിൽ നിന്നും ഉയരുന്ന കാച്ചെണ്ണയുടെ മണം, ഓലക്കൊടി കത്തുന്ന വാസന എല്ലാം കൂടി അമ്മയുടെ സാന്നിധ്യം വീണ്ടും മനസ്സിൽ നിറഞ്ഞു. അയാൾ തിരിഞ്ഞു നോക്കി. അമ്മയുടെ പ്രാണൻ ദുർബ്ബലമായ ശരീരത്തിൽ നിന്ന് അകന്നുപോയിരിക്കുന്നു. മകനെത്തന്നെ നോക്കി അടക്കാതെ വെച്ച കണ്ണുകൾ അയാളെ അസ്വസ്ഥതപ്പെടുത്തി.<br><br>ചുരുക്കത്തിൽ ആരുടെയും കരളലിയിപ്പിക്കുന്ന ഒരു കവിതയാണിത്. ഒരു പക്ഷെ വൈലോപ്പിള്ളി ശ്രീധരമേനോന്റെ "മാമ്പഴം" മലയാളികളുടെ കണ്ണുകളെ ഈറനണിയിച്ച പോലുള്ള നൊമ്പരം പകരുന്ന ഒരു കവിതയാണ് “അമ്മത്തൊട്ടിൽ" എന്ന കവിതയും. |

പ്രശസ്ത കവിയും ഗാനരചയിതാവുമായ റഫീഖ് അഹമ്മദിന്റെ കവിതയാണ് അമ്മത്തൊട്ടിൽ. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കൾ മക്കൾക്ക് ശല്യമാവുന്നതും അവരെ ഉപേക്ഷിക്കുകയോ വൃദ്ധസദനങ്ങളിലേക്ക് തള്ളുകയോ ചെയ്യുന്ന കാലികപ്രസക്തമായ ഒരു പ്രമേയത്തെ തീക്ഷ്ണമായി ആവിഷ്കരിക്കുകയാണ് അമ്മത്തൊട്ടിൽ എന്ന കവിതയിലൂടെ.

"പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊരുറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു." എന്ന വരികൾ കവിതയുടെ പ്രമേയത്തെ തീർച്ചയായും വികാരതീവ്രമാക്കുന്നുണ്ട് എന്ന് പറയാം. അമ്മയെ ഉപേക്ഷിക്കാൻ മകൻ കണ്ടെത്തിയ മാളിന്റെ സമീപത്തായി പെറ്റുകിടന്ന പട്ടി മകന്റെ നേരെ കുരച്ചുകൊണ്ട് ആക്രമിക്കാൻ വരുന്നതാണ് സന്ദർഭം. ഈ സന്ദർഭത്തിലൂടെ തെരുവുപട്ടിപോലും അതിന്റെ കുഞ്ഞി സംരക്ഷിക്കാനുള്ള വ്യഗ്രതയിലാണെന്ന് മനസ്സിലാക്കാം. "കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്" എന്ന് പറയുന്നതുപോലെ സവിശേഷബുദ്ധിയില്ലാത്ത മൃഗങ്ങൾക്കു പോലും തന്റെ കുഞ്ഞിനെ പൂർണ്ണമായി സംരക്ഷിക്കണമെന്നുണ്ട് എന്നത് വ്യക്തമാണ്. അതുകൊണ്ടാണ് അതിന്റെ അടുത്തേക്ക് വരുന്നവരുടെ നേരെ അത് ചീറിയടുക്കുന്നത്.

പ്രകൃതിയുടെയും മിണ്ടാ പ്രാണികളുടെയും ഇടയിൽ ബുദ്ധിയുള്ള മനുഷ്യൻ എത്രയോ ചെറുതായി പോകുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു. ജന്മം നൽകി സ്നേഹിച്ച ലാളിച്ച വളർത്തിയ മകൻ അമ്മയെ തെരുവിലേക്ക് വലിച്ചെറിയാൻ ശ്രമിക്കുന്നതിലൂടെ ആധുനിക ജീവിതത്തിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങളുടെ പ്രാധാന്യവും വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവവും വ്യക്തമാണ്.

അനിശ്ചിതത്വം നിറഞ്ഞ ജീവിതത്തിനെതിരെ ഒരു തെരുവുപട്ടിയെപ്പോലെ പോരാടിയാവാം ആ അമ്മ മകനെ വളർത്തിയത്.

തെരുവുപട്ടിയുടെ ശൗര്യമാണ് മകനിൽ വീണ്ടും ആ ഓർമ്മയുണർത്തുന്നത്. മക്കളെ പോറ്റിവളർത്തിയ ഒരമ്മയുടെ ജീവിതം മുഴുവൻ ഈ രണ്ടു വരികളിലൂടെ നമുക്ക് വ്യക്തമാണ്.

| | |
|---|---|
| | " നിറം പോയികണ്ണുകളെന്തേയടയ്ക്കാതെ വച്ചമ്മ നിർദയം?" എന്ന വരികളിലാണ് അമ്മയുടെ അവസ്ഥ ചിത്രീകരിക്കുന്നത്. അടയ്ക്കാതെ വച്ച കണ്ണുകളും പൂർണമായുള്ള വലത്തോട്ടു ചായലും അമ്മയുടെ അന്ത്യത്തെ കുറിക്കുന്നു. |